കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ

ജോയിന്റ് ഡയറക്ടരുടെ കാര്യാലയം

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/2054/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

തീയതി. 17.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പന്തലായനി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പന്തലായനി ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി. ഡവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/2054/2018 തിയ്യതി:17.10.2018

**കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01/06/2017 മുതൽ 10/08/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 13/08/2018 മുതൽ 23/08/2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കെ.എം.ബാലകൃഷ്ണൻ,<br>ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. രാജിമ എ.സി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. കെ.വി. ശ്രീജിത്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. ശോഭ. കെ.എം | 01/04/2017മുതൽ 31/03/2018വരെ |
| സെക്രട്ടറി | ശ്രീ. ഒ.പി. രാമദാസ്, സെക്രട്ടറി | 01/04/2017മുതൽ 31/05/2018 വരെ |
| | ശ്രീ. എം.സുജാത, സെക്രട്ടറി (ഇൻചാർജ്) | 01/06/2017 മുതൽ 13/09/2017വരെ |

| | | |
|---|---|---|
| | ശ്രീ. ശശിധരൻ. എ.കെ.<br>സെക്രട്ടറി (ഇൻചാർജ്) | 14/09/2017 മുതൽ 03/10/2017 വരെ |
| | ശ്രീ.എം.സുജാത, സെക്രട്ടറി (ഇൻചാർജ്) | 04/10/2017 മുതൽ 01/01/2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | ശ്രീ. എ.ടി. മനോജ്കുമാർ,<br>സെക്രട്ടറി | 02/01/2018 മുതൽ<br>12/01/2018<br>വരെ |
| | ശ്രീ. റമീദ്. സി, സെക്രട്ടറി (ഇൻ ചാർജ്ജ്) | 13/01/2018 മുതൽ 17/02/2018 വരെ |
| | ശ്രീ. എ.ടി. മനോജ്കുമാർ,<br>സെക്രട്ടറി | 18/02/2018 മുതൽ 31/03/2018 വരെ |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ഗിരീഷ്. ആർ.ഡി. | 01/04/2017മുതൽ 31/07/2017വരെ |
| | സീന അലക്സ് | 01/08/2017മുതൽ<br>29/08/2017വരെ |
| | ശ്രീ. ഗിരീഷ് ആർ.ഡി. | 30/08/2017മുതൽ 13/11/2017വരെ |
| | സീജ. എൻ.പി. | 14/11/2017 മുതൽ<br>31/03/2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ബിന്ദു. ടി. | 01/04/2017മുതൽ<br>31/03/2018വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീമതി. ബിന്ദു. പി. | 01/04/2017മുതൽ<br>31/03/2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ശ്രീമതി. കെ.ടി.സിന്ധു | 01/04/2017മുതൽ 31/03/2018വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. ഹാജറുമ്മബി | 01/04/2017 മുതൽ 31/05/2017വരെ |
| | ശ്രീമതി. മീര. കെ. | 01/06/2017മുതൽ 30/06/2017വരെ |
| | ശ്രീമതി. അനിത പാലാരി | 15/07/2017 മുതൽ 05/08/2017 വരെ |
| | ശ്രീ. ദിലീപ് കുമാർ | 06/08/2017 മുതൽ 31/03/2018 വരെ |
| ശിശുവികസന പദ്ധതിഓഫീസർ | ശ്രീമതി. ഷാനില. എസ്.പി. | 01/04/2017 മുതൽ 31/03/2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. ഹിത. | 01/04/2017 മുതൽ 31/03/2018 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| | | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം-2 | | |
| 13 | വ്യവസായ വിപണന കേന്ദ്രം- വാടക ഇളവ് ദുരുപയോഗം ചെയ്യപ്പെടുന്നു. | 2-1 |
| 14 | ബജറ്റ് രൂപീകരണ പ്രക്രിയയിലെ അപാകതകൾ | 2-2 |
| ഭാഗം-3 | | |
| 15 | സംയുക്ത പ്രോജക്ട് നടത്തിപ്പ് - അപാകങ്ങൾ | 3-1 |
| 16 | അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി | 3-2 |

| | | |
|---|---|---|
| 17 | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി | 3-3 |
| 18 | പകൽവീട് - ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കി | 3-4 |
| 19 | പഠനമുറി-പദ്ധതി നടത്തിപ്പിൽ കാലതാമസം | 3-5 |
| 20 | സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3-6 |
| 21 | വ്യവസായ വികസന ഓഫീസർ - 2 വർഷത്തെ പദ്ധതി നിർവ്വഹണ ചെലവ് 25000 രൂപ. | 3-7 |
| 22 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-8 |
| 23 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-9 |
| 24 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-10 |
| | ഭാഗം-4 | |
| 25 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | അനുബന്ധം-1 | |
| 36 | അനുബന്ധം-2 | |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

10/03/2017 തീയതിയിലെ 82 (1) /16-17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 10/03/2017തീയതിയിലെ 82 (1) /16-17തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 06/06/2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06.08.2018 മുതൽ 07.08.2018 വരെ | കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/18(78) തീയതി 31.08.2018 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16563540.00 |
| വരവ് | 44808608.00 |
| ആകെ | 61372148.00 |
| ചെലവ് | 45709090.00 |
| നീക്കിയിരിപ്പ് | 15663058.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 22983535 | 22983535 | 21253479 | 1730056 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8914000 | 8914000 | 7837817 | 1076183 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3430000 | 3430000 | 1020238 | 2409762 |
| മറ്റിനം (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ) | 16563540 | 31260614 | 47824154 | 32167404 | 15656750 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 75 | 59093084 | 49 | 30320664 | 18 | 8 | 41.33% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

21/08/2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 150.രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ദൈനംദിന ചുമതലകളുടെ നിർവ്വഹണത്തിനായി ഏർപ്പെടുത്തിയ നിയന്ത്രണ സംവിധാനം ഫലപ്രദമല്ല എന്ന് താഴെ വിവരിക്കുന്നതിൽ നിന്നും വ്യക്തമാകുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.മുൻകൂർ രജിസ്റ്റർ അപൂർണമാണ്. മരാമത്ത് പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ മുൻകൂർ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസ് ഓർഡറിൽ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കാനുള്ള നിർദ്ദേശം നൽകിയിട്ടില്ല. ക്യാഷ്ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വ്യക്തമായ ചുമതലാ വിഭജനം നടത്തി നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/01/2018 | 08/2017മുതൽ 12/2017 വരെ | 15/03/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/03/2017 മുതൽ 05/03/2017 വരെ | 2011-12 മുതൽ 2015-16 വരെ | 04/04/2017 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ ഈ ഓഫീസിൽ നിന്നും 31.08.2018 ൽ പുറപ്പെടുവിച്ച കെ.എസ്.എ.കെ.കെ.ഡി.ഇ2/1111/18(78) ആയി പുറപ്പെടുവിച്ച ഓഡിറ്റ് സർട്ടിഫിക്കറ്റിലെ അപാകതകൾ പരിഹരിച്ചിട്ടില്ല. അതിനുപുറമെ വാർഷിക കണക്കിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെയുള്ള തനതുഫണ്ട് കണക്കുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും തനതുഫണ്ടിൽ മറ്റ് തുകകൾ നിക്ഷേപിച്ചിരിക്കുന്നതിനാലും തനതുഫണ്ട് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
2)കേഷ്ബുക്ക് പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3)മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്.എന്നാൽ മുൻകൂർ രജിസ്റ്ററിൽ ആയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യവസായ വിപണന കേന്ദ്രം - വാടക ഇളവ് ദുരുപയോഗം ചെയ്യപ്പെടുന്നു.

എസ്.ജി.എസ്.വൈ പദ്ധതി പണം ഉപയോഗിച്ചാണ് പന്തലായനി ബ്ലോക്ക് പഞ്ചായത്ത് വനിതാ വ്യവസായ വിപണന കേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. സ്വയം സഹായ സംഘങ്ങളിലൂടെ സ്വയം തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിച്ച് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. വിപണന കേന്ദ്രം മുറികൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി 16.09.2011 ലെ 52(1)/11-12 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച ബൈലോയിൽ (സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല) ബ്ലോക്ക് പ്രദേശത്തെ ദാരിദ്ര്യരേഖക്ക് താഴെയുള്ള ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ/ ജനകായാസൂത്രണ പദ്ധതി പ്രൊജക്ടുകളിലെ വനിതാ ഗ്രൂപ്പുകൾ അല്ലെങ്കിൽ സ്വയംതൊഴിൽ സംരഭകർ എന്നിവർക്ക് കുറഞ്ഞ വാടക/ഡെപ്പോസിറ്റ് നിരക്കിൽ മുറികൾ വാടകകക്ക് നൽകുന്നതാണെന്ന് നിബന്ധന ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം അപേക്ഷകർ ഇല്ലാത്ത പക്ഷം ബ്ലോക്ക്

പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള സമാന അപേക്ഷകരെയും പരിഗണിക്കുന്നതാണെന്ന് ബൈലോയിൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ എസ്.ജി.എസ്.വൈ പദ്ധതി ലക്ഷ്യങ്ങൾക്കും ബ്ലോക്ക് പഞ്ചായത്ത് ബൈലോയിലെ വ്യവസ്ഥകൾക്കും വിരുദ്ധമായി വനിതാ വ്യവസായ വിപണന കേന്ദ്രത്തിലെ 33/813 നമ്പർ മുറി (പഴയ നം-8/14) ബ്ലോക്ക് പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള അരുണിമ.പി.,അരുണോദയം, നടുവത്തൂർ.പി.ഒ,കീഴരിയൂർ എന്ന വ്യക്തിക്ക് അവർ പ്രൊപ്രൈറ്ററായുള്ള 'നില ഫുഡ്സ് ' എന്ന സ്ഥാപനം നടത്തുന്നതിനായി700 രൂപ നിരക്കിൽ വാടകക്ക് നൽകിയതായി കാണുന്നു.15.10.2012 തിയ്യതിയിൽ 'പ്രതീക്ഷ' സ്വയം സഹായ സംഘത്തിന്റെ പേരിൽ ടൈലറിംഗ് യൂണിറ്റ് നടത്തുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.15.11.2012 തിയ്യതിയിലെ അപേക്ഷയിൽ 'കിക്കി ഗാർമെന്റ്സ് ' എന്ന സ്ഥാപനം നടത്തുന്നതിനുള്ള വ്യക്തിഗത അപേക്ഷയും സമർപ്പിച്ചതായി കാണുന്നു. വ്യക്തിഗത അപേക്ഷയിന്മേലാണ് മുറി അനുവദിച്ചിട്ടുള്ളത്. പ്രസ്തുത വ്യക്തി ഏതെങ്കിലും സ്വയം സഹായ സംഘത്തിലെ അംഗമാണെന്നോ, ദാരിദ്ര്യ രേഖക്ക് താഴെയാണെന്നോ തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല. 2017-18 വർഷത്തിൽ വിപണന കേന്ദ്രത്തിലെ ഒരു മുറി ഒഴിവ് വന്നതിനെ തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ ക്ഷണിച്ചതിൽ ബ്ലോക്ക് പരിധിയിലുള്ള 4 സ്വയം സഹായ സംഘങ്ങൾ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ബൈലോയിൽ നിബന്ധന ചെയ്യപ്പെട്ടിട്ടുള്ള പ്രകാരം അർഹതയുള്ള ഗുണഭോക്താക്കളുണ്ടെന്നത് വ്യക്തമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തെ മുൻനിർത്തിയാണ് നാമമാത്രമായ വാടക നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. മേൽ സാഹചര്യത്തിലും ബൈലോയിലെ നിബന്ധനക്ക് വിരുദ്ധമായി അരുണിമ.പി.എന്നവർക്ക് മുറി അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

സ്ത്രീകളുടെയും കുട്ടികളുടെയും വികസനം , ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള വനിതാ സ്വയം സഹായ സംഘങ്ങൾക്ക് തന്നെയാണ് മുറികൾ അനുവദിക്കപ്പെടുന്നത് എന്നുള്ളത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ സ്റ്റാന്റിംഗ് കമ്മിറ്റി വനിതാ വ്യവസായ വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾക്ക് വിധേയമാക്കിയതായോ തീരുമാനമെടുത്തതായോ കാണുന്നില്ല.

വനിതാ വ്യവസായ വിപണന കേന്ദ്രവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. വാടക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇത് മൂലം തൻ വർഷം കുടിശ്ശിക ഇനത്തിൽ എത്ര രൂപ പിരിച്ചെടുക്കാനുണ്ടായിരുന്നുവെന്നത് വ്യക്തമല്ല.
2. 2017-18 വർഷത്തിൽ മുഴുവൻ വാടകക്കാരുമായി കരാർ ഉടമ്പടി ചമച്ചതായി കാണുന്നില്ല.

ബൈലോ തയ്യാറാക്കി 16.09.2011 തിയ്യതിയിൽ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെങ്കിലും സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങിയില്ല.

പൊതുഭരണം, അക്കൗണ്ടുകൾ, എന്നിവയുടെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സുകൾ, തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ വ്യവസായ വിപണന കേന്ദ്രം വാടക നിരക്ക്, പിരിവ് എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നതായി കാണുന്നില്ല. ബൈലോ സർക്കാറിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട്. ബൈലോക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചോ എന്നുള്ളത് നിരീക്ഷിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വീഴ്ച വരുത്തി.

ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യത്തെ മുൻനിർത്തി നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ നിരക്കിലുള്ള വാടക ദുരുപയോഗം ചെയ്യപ്പെടുകയോ അനർഹരായവർ വിപണനകേന്ദ്രം മുറികൾ കൈവശം വെക്കുന്നുണ്ടോ എന്നീ വസ്തുതകൾ പരിശോധിക്കേണ്ടതാണ്. വാടക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ബൈലോക്ക് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## **2-2** ബജറ്റ് രൂപീകരണ പ്രക്രിയയിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയ ബഡ്ജറ്റ് മാന്വൽ 02.12.2016 തിയ്യതിയിലെ G.O.(Rt.)3291/2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ 2017-18 വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടിയിരുന്നത് 1994 ലെ കേരളപഞ്ചായത്ത് രാജ് ചട്ടം -214 , തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ എന്നിവക്കനുസരിച്ചായിരുന്നു. ആയത് പാലിക്കപ്പെട്ടില്ല.

അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതി, പദ്ധതിയിതര ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല. വിവിധ ഘടക സ്ഥാപനങ്ങളിലെ തലവന്മാരെ വിളിച്ച് ചേർത്ത് പദ്ധതിയിതര ശുപാർശകൾ തേടുന്നതിന് സെക്രട്ടറി മുൻകൈ എടുത്തിട്ടില്ല.സെക്രട്ടറി ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമക്ഷം സമർപ്പിച്ചിട്ടില്ല.

2.സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

3. വളരെ കുറച്ച് ചെലവ് ശീർഷകങ്ങൾ മാത്രമെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

4.കരട് പദ്ധതി രേഖ പ്രകാരമുള്ള മുഴുവൻ ചെലവുകളും ബജറ്റിൽ ഉൾപ്പെട്ടിട്ടില്ല.

ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സംയുക്ത പ്രോജക്ട് നടത്തിപ്പ് - അപാകങ്ങൾ

(എ) സംയുക്ത പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പന്തലായനി ബ്ലോക്ക് പഞ്ചായത്ത് താഴെ പറയുന്ന വിവിധ പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | കൈമാറിയ പഞ്ചായത്ത് | ബിൽ നമ്പർ, തുക |
|---|---|---|---|---|---|
| 1 | S0079/18 | കരിപ്പൊയിൽ അംഗൻ വാടി കെട്ടിട നിർമ്മാണം-മൂടാടി ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ | വികസന ഫണ്ട് 200000<br>ഗ്രാമപഞ്ചായത്ത് വിഹിതം 550000 | മൂടാടി ഗ്രാമപഞ്ചായത്ത് | 9/17-18 dt 24/11/17 200000 |
| 2 | S0078/18 | പൂക്കാട് അംഗൻവാടി കെട്ടിട നിർമ്മാണം- ചേമഞ്ചേരി പഞ്ചായത്തിന് വിഹിതം കൈമാറൽ | വികസന ഫണ്ട് 150000<br>ഗ്രാമപഞ്ചായത്ത് വിഹിതം 300000 | ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | 11/17-18 dt 29/11/17 150000 |
| 3 | S0056/18 | വയോജന വിശ്രമകേന്ദ്രം -ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസനഫണ്ട് 200000<br>ഗ്രാമപഞ്ചായത്ത് വിഹിതം 300000 | ചേമഞ്ചേരി പഞ്ചായത്ത് | 13/14-15 dt 24/11/17 200000 |
| 4 | S0083/18 | പൊയിൽക്കാവ് ബീച്ച് കുടിവെള്ള പദ്ധതി ചെങ്ങോട്ട് കാവ് പഞ്ചായത്തിന് വിഹിതം കൈമാറൽ | വികസനഫണ്ട് 400000<br>ഗ്രാമപഞ്ചായത്ത് വിഹിതം 100000 | ചെങ്ങോട്ട് കാവ് | 14/17-18 dt 19/12/17 400000 |

| | | | | | |
|---|---|---|---|---|---|
| 5 | S0091/18 | കോട്ടക്കൽതാഴകുടിവെള്ള പദ്ധതി പൂർത്തീകരണം | വികസനഫണ്ട് 500000<br>ഗ്രാമപഞ്ചായത്ത് വിഹിതം 5000 | ചേമഞ്ചേരി | 500000<br>16/17-18 dt 23/2/2018 |
| 6 | S0081/18 | എരഞ്ഞോത്ത് കോളനി വൃദ്ധ സൗഹൃദകേന്ദ്രം- അരിക്കുളം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് 400000<br>പഞ്ചായത്ത് വിഹിതം 250000 | അരിക്കുളം | 24/17-18 dt 24/3/2018 തുക 300000 |
| 7 | S0056/18 | പുതുവനം കുടിവെള്ള പദ്ധതി -രണ്ടാം ഘട്ടം ചേമഞ്ചേരി പഞ്ചായത്തിന് വിഹിതം നൽകൽ | വികസന ഫണ്ട് 300000<br>പഞ്ചായത്ത് വിഹിതം 238000 | ചേമഞ്ചേരി | 18/17-18 dt 28/2/2018 തുക 300000 |
| 8 | S0060/18 | വയലാട്ട് താഴെ കുടിവെള്ള പദ്ധതി-ചേമഞ്ചേരി പഞ്ചായത്തിന് വിഹിതം കൈമാറൽ | വികസനഫണ്ട് 100000<br>ഗ്രാമ പഞ്ചായത്ത് വിഹിതം 100000 | ചേമഞ്ചേരി | 10/17-18 dt 24/11/2017<br>തുക 100000 |
| 9 | S0033/18 | പരപ്പിൽകുന്ന് കുടിവെള്ള പദ്ധതിക്ക് വിഹിതം കൈമാറൽ | വികസന ഫണ്ട് 500000<br>ഗ്രാമപഞ്ചായത്ത് വിഹിതം 50500 | ചെങ്ങോട്ട് കാവ് | 26/17-18 dt 24/3/2018 തുക 500000 |

മേൽപദ്ധതികളിൽ കോട്ടക്കൽതാഴകുടിവെള്ള പദ്ധതി, പരപ്പിൽ കുനി കുടിവെള്ള പദ്ധതി , പുതുവനം കുടിവെള്ള പദ്ധതി ഒഴികെയുള്ളവയെല്ലാം 2017-18 വർഷം സ്പിൽ ഓവർ പ്രോജക്ടായി നടപ്പാക്കിയതാണ്. എന്നിരുന്നാലും മേൽ പദ്ധതികളിൽ ബന്ധപ്പെട്ട പഞ്ചായത്തിന് തുക ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതല്ലാതെ നാളിതുവരെ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.പി.7/2017 തീ.23/1/2017 പ്രകാരം സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്ന പഞ്ചായത്തിന് സെപ്റ്റംബർ 30നകം തുക കൈമറാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ കാണിച്ചിട്ടുള്ള സ്പിൽ ഓവർ പദ്ധതികളിൽ പോലും നവംബർ മാസമാണ് തുക പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികൾ അല്ലാത്തവയിൽ ഫിബ്രവരി മാർച്ച് മാസങ്ങളിലായിട്ടാണ് തുക കൈമാറിയിട്ടുള്ളത്.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ സംയുക്ത പദ്ധതികൾ ഉൾപ്പെടുത്തുമ്പോൾ കരട് പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് സ്ഥാപനമേധാവികളുടെ യോഗം ചേർന്ന് വിഭവ സമാഹരണം ഉറപ്പക്കേണ്ടതാണ്. പ്രോജക്ടിൽ ഏർപ്പെടുന്ന ഘടകസ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ സംയുക്തപദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പാലിക്കപ്പെടുന്നില്ല .ചില ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

എരഞ്ഞോത്ത് കോളനി വൃദ്ധസൗഹൃദകേന്ദ്രം പദ്ധതിയിൽ ബ്ലോക്ക് വിഹിതം 400000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ,300000 രൂപയാണ് ബ്ളോക്ക് വിഹിതമായി വെച്ചിരിക്കുന്നതും മേൽതുകക്ക് വേണ്ടിയാണ് പഞ്ചായത്ത് അപേക്ഷ നൽകിയിട്ടുള്ളതും. പുതുവനം കുടിവെള്ള പദ്ധതിയിൽ ബ്ലോക്ക് വിഹിതമായി 300000 രൂപയാണ് വകയിരുത്തയിട്ടുള്ളത് .എന്നാൽ പഞ്ചായത്തിന്റെ ബ്ലോക്ക് വിഹിതം അനുവദിക്കുന്നതിന് വേണ്ടിയുള്ള കത്തിൽ 500000 രൂപ അനുവദിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇവ ഘടക സ്ഥാപനമേധവികളുടെ ചർച്ച നടക്കാതെയും കൃത്യമായ ആസൂത്രണമില്ലാതെയും കരാർ ചമക്കാതെയും പദ്ധതി രൂപീകരിച്ചതിന്റെ അനന്തരഫലമാണ്.

പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് 2017-18 വർഷത്തെ പദ്ധതി രൂപീകരണവും നടത്തിപ്പുമായി ബന്ധപ്പെട്ട്

ഏഴ് മീറ്റിങ്ങ് കൂടിയിട്ടുണ്ടെങ്കിലും ഇതിലൊന്നും സംയുക്ത പ്രോജക്ടുളെ കുറിച്ച് ചർച്ച ചെയ്യുകയോ പദ്ധതി പുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി ആസൂത്രണം മുതൽ പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലുംബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി മോണിറ്റർ ചെയ്യുന്നുവെന്ന് വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് നിർവ്വഹണകലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നുണ്ടെന്നും ആയതിന്റെ പോരായ്മകൾ കണ്ടെത്തി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് ചെയ്ത് നിർവ്വണത്തിൽ കാലതാമസം വരുന്നില്ല എന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

(ബി) സംയുക്ത പദ്ധതി കളുടെ നടത്തിപ്പ് – സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

ധനകാര്യ വകുപ്പിന്റെ 23/1/2017 ലെ ഉത്തരവ് നമ്പർ ജി.ഒ.പി.നമ്പർ 7/2017 നമ്പർ ഉത്തരവിൽ സംയുക്ത പ്രോജക്ടിൽ പദ്ധതി നടപ്പാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനം സംയുക്ത പദ്ധതികൾക്കായി പ്രത്യേക ടി എസ് ബി അക്കൗണ്ട് ആരംഭിക്കാനും സംയുക്ത പദ്ധതികൾക്കായി നീക്കിവെച്ച ഫണ്ടുകൾ മേൽ അക്കൗണ്ടിൽ നിക്ഷേപിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത പദ്ധതികൾക്കായി ഫണ്ട് നൽകുന്ന ഘടകസ്ഥാപനം മേൽ അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30 നകം തുക ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. നടപ്പാക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനം പദ്ധതിയുടെ പുരോഗതി ഘടകസ്ഥാപനത്തെ അറിയിക്കേണ്ടതും ചെലവഴിക്കാൻ സാധ്യതയില്ലാത്ത തുക ഫിബ്രുവരി 28 നകം സ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതുമാണ്. പദ്ധതി നടപ്പാക്കുന്ന സ്ഥാപനം മേൽ ട്രഷറി അക്കൗണ്ടിലെ ചെക്ക് വഴി പേയ്മെന്റ് നടപ്പാക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതികൾക്കായി വിഹിതം നൽകിയ താഴെ പറയുന്ന വിവിധ പദ്ധതികളിൽ ബ്ളോക്ക് പഞ്ചായത്ത് വിഹിതം ബന്ധപ്പെട്ട കോൺട്രാക്ടറുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഫൈനൽ പ്രകാരമുള്ള തുക | തുക കൈമാറിയ കോൺട്രാക്ടറുടെ പേര്,തുക- | ബിൽ നമ്പർ |
|---|---|---|---|---|---|
| S074/18 | പുതുവനം കുടിവെള്ള പദ്ധതിക്ക് ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന് ബ്ലോക്ക് വിഹിതം നൽകൽ | വികസന ഫണ്ട് 500000<br>ഗ്രാമപഞ്ചായത്ത് വിഹിതം 50000 | 550000 | അഷ്റഫ് ടി കെ -470000 | 4/17-18 dt 19/8/17<br>തുക 500000 |
| Soo76/18 | മണ്ണാർക്കണ്ടി കുടിവെള്ള പദ്ധതിക്ക് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | വികസനഫണ്ട് -എസ് സി പി 500000<br>ഗ്രാമപഞ്ചായത്ത് വിഹിതം 200000 | 408643 | മുരളി ടി -375952 | ബിൽ നമ്പർ 6/17-18 408643<br>dt 28/9/17 |

മേൽ രണ്ട് പ്രോജക്ടുകളിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തി ആയതിന്റെ വർക്ക് ബിൽ ബ്ളോക്കിന് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് തുക മാറി ബന്ധപ്പെട്ട കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്തത്. ബിൽ തുകയിൽ നിന്ന് നിയമാനുസൃത നികുതികളായ വാറ്റ് ,ഐ ടി, KCWWF വിഹിതം എന്നിവ അടവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായും പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമായും ബന്ധപ്പെട്ട ട്രഷറി അക്കൗണ്ടിലേക്ക് കൈമാറാതെ കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറിയ നടപടി ശരിയല്ല.

ജി.ഒ. (എം.എസ്.) 4/2016 ത.സ്വ.ഭ.വ. 11/1/2016 ൽ പരാമർശിച്ചിട്ടുള്ള സംയുക്ത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾപ്രകാരം സംയുക്ത പ്രോജക്ടിൽ കുറഞ്ഞ തക വകയിരുത്തിയ സ്ഥാപനത്തിന്റെ തുക ചെലവഴിച്ചതിനു ശേഷം മാത്രമേ കൂടിയ വിഹിതം വകയിരുത്തിയ സ്ഥാപനത്തിന്റെ തുക ചെലവഴിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ ഇവിടെ മണ്ണാർക്കണ്ടി കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി കാണുന്നില്ല. വാല്യേഷൻ പ്രകാരമുള്ള മുഴുവൻ തുകയും ബ്ളോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്ന് നൽകിയതായിട്ടാണ് കാണുന്നത് .ആയത് പ്രോജക്ടിൽ

ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഒഴിവാക്കപ്പെടുകയാണ് ചെയ്തത്. മേൽ പദ്ധതികൾ നിയമാനുസൃതമായാണ് നടപ്പാക്കുന്നത് എന്നത് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് ഉറപ്പാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് നിയമാനുസൃതമായാണ് നടപ്പാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തര ഇടപെടൽ ആവശ്യമാണ്.

## 3-2 അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ – SO 91/18 കോട്ടക്കൽ താഴെ കുടിവെള്ള പദ്ധതി ക്ക് ബ്ളോക്ക് വിഹിതം നൽകൽ

ചെലവ് ബിൽ നമ്പർ 16/ 17-18 dt 23/2/2018 തുക 500000

ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കോട്ടക്കൽ താഴെ കുടിവെള്ള പദ്ധതി പന്തലായനി ബ്ലോക്ക് പഞ്ചായത്തിന്റെ കരട് പദ്ധതി രേഖയിലും അന്തിമ പദ്ധതി രേഖയിലും വന്നിട്ടില്ല. എന്നാൽ മേൽ പദ്ധതിക്കായി ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ സംയുക്തപ്രോജക്റ്റ് അക്കൗണ്ടിലേക്ക് (ബിൽ നമ്പർ 16/17-18 തീ. 23/2/2018 ) 500000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പദ്ധതി സംബന്ധിച്ച നിർദ്ദേശങ്ങൾ പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സിലും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണത്തിൽ വിഭവ പരിധിക്കുള്ളിൽ നിന്ന് വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ മുൻഗണന ക്രമത്തിൽ തെരഞ്ഞെടുത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അംഗീകരിച്ചാണ് അന്തിമ പദ്ധതി രേഖക്ക് രൂപം നൽകേണ്ടത്. ആയതിൽ ഉൾപ്പെട്ടതും തൻവർഷം നടപ്പാക്കാത്തതുമായ മറ്റ് പദ്ധതികൾ ഉണ്ടെന്നിരിക്കെ അന്തിമ പദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെടാത്ത പദ്ധതി നടപ്പാക്കിയത് ജനകീയാസൂത്രണത്തിന്റെ അന്തസത്തയ്ക്ക് നിരക്കുന്നതല്ല.പദ്ധതി രൂപീകരണത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടലും മേൽനോട്ടവും ഉറപ്പാക്കേണ്ടതാണ്.

## 3-3 വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

പ്രോജക്റ്റ് നമ്പർ – S0036/18 കൈത്താങ്ങ്- ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (SC)

അടങ്കൽ - 100000

മറ്റ് ഗ്രാമപഞ്ചായത്ത്- 50000

ബിൽ നമ്പർ– 5/17-18 6/12/17 -100000

പന്തലായനി ബ്ളോക്ക് പഞ്ചായത്ത് 2017-18 വർഷത്തെ പട്ടികജാതി മേഖലയിലെ പദ്ധതി രൂപീകരണവും നടത്തിപ്പുമായി ബന്ധപ്പെട്ട് തൻവർഷം എട്ട് തവണ യോഗം ചേർന്നിട്ടുണ്ട്. ആയതിൽ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്ത യോഗത്തിൽ മെറിറ്റോറിയസ് സ്കോളർഷിപ്പ്, ഇരുചക്ര വാഹനം, മെച്ചപ്പെട്ട വിറകടുപ്പ്, പഠനമുറി എന്നീ പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടത്. എന്നാൽ അന്തിമപദ്ധതി രേഖയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ മെറിറ്റോറിയസ് സ്കോളർഷിപ്പ്,പഠനവീട്, മെച്ചപ്പെട്ട വിറകടുപ്പ്, എന്നിവയും നിർദ്ദേശിക്കപ്പെടാത്ത വൃദ്ധർക്ക് കട്ടിൽ, ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതിയും വന്നിരുന്നുവെങ്കിലും പദ്ധതി നടത്തിപ്പ് സമയത്ത് മെച്ചപ്പെട്ട വിറകടുപ്പ് ,വൃദ്ധർക്ക് കട്ടിൽ എന്നീ പദ്ധതി ഒഴിവാക്കി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ വരാത്ത കൈത്താങ്ങ്- ഭിന്നശേഷിക്കാർക്ക് പെട്ടിക്കട എന്ന പദ്ധതി അരിക്കുളം പഞ്ചായത്തുമായി ചേർന്ന് സംയുക്ത പദ്ധതിയായി നടപ്പാക്കുകയാണ് ചെയ്തത്. മേൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെടുന്നു.

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ആയ സി. ഡി. പി. ഒ. ആണെങ്കിലും പട്ടികജാതി വിഭാഗത്തിൽ പെടുന്നു എന്ന കാരണത്തിൽ നിർവ്വഹണം എസ് സിഡിഒ വിനാണ് നൽകിയിരിക്കുന്നത്.അരിക്കുളം പഞ്ചായത്തിന് വിഹിതം നൽകുമ്പോൾ മേൽആനുകൂല്യത്തിന് എത്ര ഗുണഭോക്താക്കൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്നതിന്റെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല

പഞ്ചായത്ത് നൽകിയ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്ര പ്രകാരം, ഒരു ലക്ഷം രൂപ നൽകിയതിൽ 98319 രൂപ ചെലവഴിച്ചതായാണ് കാണിച്ചിട്ടുള്ളത്. സംയുക്ത പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച 13ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൽ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ വന്ന പദ്ധതികൾ മാറ്റി നിർത്തി മേൽ പദ്ധതി നടപ്പാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. പട്ടികജാതി മേഖലയിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയപ്പോൾ ബ്ളോക്ക് പരിധിയിലെ മറ്റ് പഞ്ചായത്തുകളെ ഒഴിവാക്കി ആയത് അരിക്കുളം പഞ്ചായത്തിന് വിഹിതം നൽകുക എന്ന നിലയിൽ ഒരു പഞ്ചായത്തിന് മാത്രമായി പരിമിതപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ളോക്ക് പരിധിയിലെ മറ്റ് പഞ്ചായത്തുകളിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട ജനങ്ങൾ ഉണ്ടെന്നിരിക്കെ ഭിന്നശേഷിക്കാർക്കുള്ള പദ്ധതി എന്ന നിലയിൽ എസ് സിപി ഫണ്ട് ഉപയോഗിച്ച് പദ്ധതി ആവിഷ്കരിച്ച് ആയതിന്റെ പ്രയോജനം പരിമിതപ്പെടുത്തിയത് ശരിയായ നടപടിയില്ല.മേൽ പദ്ധതിയുടെ രൂപീകരണത്തിലോ നടത്തിപ്പിലോ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് പങ്ക് വഹിച്ചതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ ഇടപെടൽ നടത്തി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് എന്ന് ഉറപ്പവരുത്തേണ്ടതാണ്.

## 3-4 <u>പകൽവീട് - ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കി</u>

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ പകൽ വീട് നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം നൽകുന്നതിനായി 2016-17 വർഷം SO-23/17 നമ്പർ പദ്ധതി രൂപീകരിച്ച് ബ്ലോക്ക് വിഹിതം 2,00,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 3,00,000 രൂപയും വകയിരുത്തി പദ്ധതി രൂപീകരിച്ചു. ആയത് നടപ്പാകാത്തതിനെ തുടർന്ന് 2017-18 വർഷം സ്പിൽ ഓവർപദ്ധതിയായി നടപ്പാക്കുകയാണ് ചെയ്തത്. ആയതിന് ബ്ലോക്ക് വിഹിതം ബിൽ നമ്പർ 13/17-18 പ്രകാരം 2,00,000 രൂപ 24/11/2017 തീയതിയിൽ ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ടി എസ് ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഹാജരാക്കിയ വർക്ക് ബിൽ പ്രകാരം 4,34,952 രൂപയുടെ പ്രവൃത്തി നടന്നിട്ടുണ്ട് . ഈ പദ്ധതിയിൽ ഗ്രൗണ്ട് ഫ്ളോറിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചിട്ടുണ്ട് . മേൽ പദ്ധതിയുടെ ഗ്രൗണ്ട് ഫ്ലോറിന്റെ ബാക്കി പൂർത്തീകരണപ്രവൃത്തികൾ ഫസ്റ്റ് ഫ്ലോർ നിർമ്മാണം എന്നിവ ഉൾപ്പെടുത്തി 2017-18 വർഷം പുതിയ പദ്ധതി രൂപീകരിച്ച് വികസനഫണ്ട് 7,00,000 രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്നുണ്ട്. പകൽ വീടിന്റെ ബാക്കി നിർവ്വഹണം ബ്ലോക്ക് പഞ്ചായത്ത് നടത്തുന്നതിന് സമ്മതമാണെന്ന് പഞ്ചായത്ത് സമ്മത പത്രം നൽകിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് 173-വകുപ്പ് പട്ടിക 5പ്രകാരം അഗതികൾക്ക് ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണ്. പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്നത് സംബന്ധിച്ച വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ശുപാർശ ചെയ്യുന്ന പ്രൊജക്ട് നിർദ്ദേശങ്ങൾ നിയമപ്രകാരമാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടത് വർക്കിംഗ്ഗ്രൂപ്പിന്റെയും വർക്കിംഗ് ഗ്രൂപ്പ് കൺവീനറായ നിർവഹണ ഉദ്യോഗസ്ഥന്റെയും ചുമതലയാണ്.ഇതു സംബന്ധിച്ച് ജില്ലാതലത്തിൽ യോഗം ചേർന്നതായോ വിഹിതം വെച്ച സ്ഥാപനങ്ങൾ തമ്മിൽ കരാറിലേർപ്പെട്ടതായോ കാണുന്നില്ല. വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 22/8/17ലെ മീറ്റിങ്ങിൽ പകൽവീട് പദ്ധതി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി ഭാഗികമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ പാടില്ലെന്ന് മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. സംയുക്ത പദ്ധതിയായി 2016-17 വർഷം പ്രവൃത്തി ആസൂത്രണം ചെയ്തപ്പോൾ ഘടകസ്ഥാപനങ്ങളുടെ യോഗം കൂടി വിഭവശേഷി ഉറപ്പാക്കാക്കിയിട്ടില്ല. തൻവർഷം പദ്ധതിക്കാവശ്യമായ തുക ലഭ്യമായില്ലെങ്കിൽ ആയത് ബഹുവർഷ പ്രോജക്ടായി നടപ്പാക്കാവുന്നതാണ് . അതിന് പകരം ഒരേ പ്രോജക്ട് രണ്ട് വ്യത്യസ്ത രീതിയിൽ നടപ്പാക്കുന്നത് മാർഗ്ഗരേഖയിലെ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.പദ്ധതി നടത്തിപ്പിൽ സ്റ്റാന്റിങ്ങ് കമ്മിറ്റി മേൽനോട്ടം വഹിച്ചതായോ വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല.

പ്രൊജക്ട് നിർവ്വഹണം ആരംഭിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പ്രവൃത്തിയുടെ ഓരോ ഘട്ടവും വിലയിരുത്തി ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും റിപ്പോർട്ട് നൽകേണ്ടതുമാണ്. സ്റ്റാന്റിങ്ങ്കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം തുടർച്ചയായി

വിലയിരുത്തി ആവശ്യമായ ഇടപെടൽ നടത്തി നിർവ്വഹണ കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 3-5 പഠനമുറി-പദ്ധതി നടത്തിപ്പിൽ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

1 )പ്രോജക്ട് നമ്പർ - S0064/18 -പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ )

അടങ്കൽ തുക - വികസന ഫണ്ട് - 90000 : ബാങ്ക് വായ്പ -3,00,000/--

ബിൽ നമ്പർ – 1/17-18 29/8/17 – 90000

2 )പ്രോജക്ട് നമ്പർ s0041/18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - വികസന ഫണ്ട് – 450000 ,

ചെലവ് തുക – 280000

ബിൽ നമ്പർ 2/17-18 തുക 60000

ബിൽ നമ്പർ 3/17-18 തുക 30000

ബിൽ നമ്പർ 8/17-18 തുക 30000

ബിൽ നമ്പർ 9/17-18 തുക 30000

ബിൽ നമ്പർ 13/17-18 തുക 130000

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന ക്രമനമ്പർ ഒന്ന് പ്രകാരമുള്ള പദ്ധതി 2015-16 -ൽ ആരംഭിച്ചതും പൂർത്തീകരിക്കാത്തതിനാൽ 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയതുമാണ്. 2015-16 ആരംഭിച്ച മേൽ പദ്ധതിയിൽ നാല് പേർ പൂർത്തീകരിക്കാൻ ബാക്കിയുള്ളതിൽ മൂന്ന് പേർ ഈവർഷം പണിപൂർത്തീകരിച്ചിട്ടുണ്ട് .ആയതിൽ നാലാമത്തെ ഗുണഭോക്താവായ രാജൻ വെള്ളം പൊയിൽ എന്ന ഗുണഭോക്താവ് 2015-16 വർഷം ഒന്നാം ഗഡു വാങ്ങിയതിന് ശേഷം നാളിതുവരെ തുടർ പ്രവർത്തി നടത്തിയിട്ടില്ല എന്നാണ് വ്യക്തമാവുന്നത് . മൂന്ന് വർഷമായിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കാനോ അല്ലാത്ത പക്ഷം പ്രവൃത്തി എത്രയും പെട്ടന്ന് പൂർത്തീകരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകിയതായോ ബന്ധപ്പെട്ട ക്ഷേമകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റി മിനുട്സിലോ മോണിറ്ററിംഗ് സമിതിയായ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സിലോ രേഖപ്പെടുത്തിയിട്ടില്ല. കുട്ടികളുടെ പഠനകാലയളവിൽതന്നെ പഠനമുറി പൂർത്തീകരിച്ചാൽ മാത്രമേ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറുകയുള്ളൂ . കൂടാതെ മേൽ പദ്ധതിയിൽ ഈവർഷം അവസാനഗഡുനൽകിയ ഇന്ദിര പികെ, കുഞ്ഞിക്കണ്ണൻ ,റീത്ത എന്നിവർ സമർപ്പിച്ച വാല്വേഷൻ സർട്ടിഫിക്കറ്റ് പ്രകാരം യഥാക്രമം 98825, 98850, 98800 രൂപയുടെ പ്രവൃത്തി നടത്തിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എല്ലാവർക്കും ഒരു ലക്ഷം രൂപയാണ് ധനസഹായം നൽകിയിട്ടുള്ളത്. അധിക തുക ക്രമീകരിച്ചിട്ടില്ല.

ക്രമനമ്പർ രണ്ട് പ്രകാരമുള്ള 2016-17 ആരംഭിച്ചതും 2017-18 വർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയതുമായ മേൽ പദ്ധതിയിലും പണി പൂർത്തീകരിക്കാൻ ബാക്കിയുണ്ടായിരുന്ന ഏഴ് ഗുണഭോക്താക്കളിൽ രണ്ട് പേർ ഈ സാമ്പത്തീക വർഷത്തിലും പണി പൂർത്തീകരിച്ചിട്ടില്ല.മേൽ രണ്ട് പദ്ധതികളിലും ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിച്ച് പദ്ധതി നടത്തിപ്പ് പുരോഗതി പരിശോധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിക്കും ഭരണസമിതിക്കും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിൽ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെ യും കൃത്യമായ മോണിറ്ററിങ്ങിന്റെ അഭാവമാണ് പഠനമുറിയുടെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നതിന് കാരണമാവുന്നത്. കുട്ടികളുടെ പഠനകാലയളവിൽ പദ്ധതി പൂർത്തീകരിക്കുന്നതിലും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും വന്ന വീഴ്ച സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. പദ്ധതിയുടെ ആസൂത്രണം മുതൽ പദ്ധതികളുടെ പൂർത്തീകരണം ,നിർവ്വഹണ

കലണ്ടർപ്രകാരം നടക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യഥാസമയങ്ങളിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതും ആയതിന്റെ റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും പദ്ധതി ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നുവെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-6 സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

എ. ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 15/2018, ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി. ഷാനില. എസ്.പി.,<br>സി.ഡി.പി.ഒ, |
| അടങ്കൽ | 784550 (വികസന ഫണ്ട് ) |
| ചെലവ് | 731500 ( വികസന ഫണ്ട്)<br>ബിൽ നം - 04/2018, തീയതി. 24.03.2018 |

വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി ആസൂത്രണ ഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും സുപ്രധാന പങ്കാണുള്ളത്. 09.01.2017 തിയ്യതിയിലെ ജി.ഒ (എം.എസ്) 10/2017/ത.സ്വ.ഭവ. നമ്പർ ഉത്തരവിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഘടന, ചുമതലകൾ എന്നിവ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പിൽ അതത് വിഷയമേഖലയിലെ ഒരു വിദഗ്ധനെ ഉൾപ്പെടുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ഉപാദ്ധ്യക്ഷനാക്കേണ്ടതുമാണ്. സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് ക്രോഡീകരിക്കുകയും ആയത് അപഗ്രഥിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.

ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പിന് വീഴ്ചയുണ്ടായിട്ടുണ്ട്. 2016-17 വർഷത്തിൽ 41 / 2017 നമ്പറായി ഇതേ പദ്ധതി നിർവ്വഹണം നടത്തിയിരുന്നു. പദ്ധതി പ്രകാരം 942835 രൂപ വകയിരുത്തിയതിൽ 612000 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ.സാമൂഹ്യ നീതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഭിന്നശേഷി സൗഹൃദ ബ്ലോക്ക് എന്ന ലക്ഷ്യത്തിന്റെ 35 ശതമാനം മാത്രമെ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന് വ്യക്തമാക്കുന്നുണ്ട്. ലക്ഷ്യപ്രാപ്തിക്കായി 2017-18, 2018-19 വർഷങ്ങളിൽ പൊതു സ്ഥലങ്ങളിലും ഓഫീസുകളിലും റാമ്പ്, വീൽ ചെയർ ടാബ്ലറ്റ് സ്ഥാപിക്കൽ, സഹായ ഉപകരണങ്ങൾ നൽകൽ , കൃത്രിമ ഉപകരണങ്ങൾ നൽകൽ എന്നീ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ചിട്ടുണ്ട്. 30.05.2017 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ പദ്ധതി ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നിർവ്വഹണം നടത്തുന്നതിനാൽ ബ്ലോക്ക് വിഹിതം വകയിരുത്തേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിനും വികസനരേഖക്കും വിരുദ്ധമായി ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ എന്ന പദ്ധതിയുമായി വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും മുന്നോട്ട് പോകുകയാണുണ്ടായത്.

2016-17 വർഷത്തിൽ അടങ്കൽ ചെയ്ത തുകക്ക് ആനുപാതികമായി ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യവും ഗ്രാമപഞ്ചായത്തുകൾ സമാന പദ്ധതികൾ നിർവ്വഹണം നടത്തുന്നതും പരിഗണിക്കാതെ 2017-18, 2018-19 വർഷങ്ങളിലും പദ്ധതി ആവർത്തിച്ച് നടപ്പാക്കുന്നത് സ്റ്റാറ്റസ് റിപ്പോർട്ടിനനുസൃതമായല്ല വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് എന്നതിന്റെ സൂചനയാണ്.

പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന ഘട്ടം മുതൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന് വീഴ്ചയുണ്ടായി.

പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് 66,500 രൂപ നിരക്കിൽ സൈഡ് വീലോട് കൂടിയ സ്കൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളും കാണുന്നു.

2)ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് സ്കൂട്ടർ അനുവദിച്ചിട്ടുള്ളത്.എന്നാൽ ലേണേഴ്സ് ലൈസൻസിന്റെ സാധുതാ സമയത്തിനുള്ളിൽ ലൈസെൻസെടുക്കുന്നതിൽ 4 ഗുണഭോക്താക്കൾ വീഴ്ച

വരുത്തി. (പ്രേമൻ, കോമത്ത്, അത്തോളി. 2. അജയകുമാർ.കെ., കവനോളി. അത്തോളി. , 3.അബ്ദുൾ കലാം, ഓലേരി. അത്തോളി, 4.അബ്ദുൾ ഗഫൂർ, ചേമഞ്ചേരി). ഗുണഭോക്താക്കൾ ഇൻവാലിഡ് ലൈസൻസ് ഹാജരാക്കുന്നത് വരെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറണമെന്ന കരാർ ഉടമ്പടി പാലിക്കപ്പെട്ടില്ല.

ഗുണഭോക്താക്കൾ സ്കൂട്ടർ ലഭിക്കുന്ന മുറക്ക് ഇൻവാലിഡ് ലൈസൻസെടുത്ത് നിയമാനുസൃതം വാഹനം ഉപയോഗിക്കുന്നുണ്ട് എന്നത് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെയും മോണിറ്ററിംഗ് കമ്മിറ്റിയുടെയും (കൺവീനർ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് ) ചുമതലയാണ്.

പ്രേമൻ, കോമത്ത്, അത്തോളി. അജയകുമാർ.കെ., കവനോളി. അത്തോളി. , അബ്ദുൾ കലാം, ഓലേരി. അത്തോളി, അബ്ദുൾ ഗഫൂർ, ചേമഞ്ചേരി. എന്നീ ഗുണഭോക്താക്കളോട് ഇൻവാലിഡ് ലൈസെൻസെടുക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

2) 27.08.2010 ലെ 80/2010/ധന നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിച്ച് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂട്ടർ വിതരണം ചെയ്ത എയ്സ് മോട്ടോഴ്സ്, കോഴിക്കോട്എന്ന സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ച 36,575 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ച് കാലഹരണപെടുത്തി.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് കാലഹരണപ്പെടുന്നതിന് കാരണമായത്.

എയ്സ് മോട്ടോഴ്സുമായി ബന്ധപ്പെട്ട് പുതിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കേണ്ടതും കരാർ കാലം വരെ നിക്ഷേപമായി സൂക്ഷിക്കേണ്ടതുമാണ്.

<u>ബി. സംയുക്ത പ്രൊജക്ടുകൾ-ആസൂത്രണ ഘട്ടത്തിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.</u>

ജി.ഒ. (എം.എസ്) 72/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 6.5 സംയുക്ത പ്രൊജക്ടുകളിന്മേൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പരാമർശക്കുന്നുണ്ട്. സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ ഒരു ഉടമ്പടിയിൽ ഏർപ്പെടേണ്ടതും, വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്. സംയുക്ത യോഗത്തിൽ നിശ്ചയിച്ച പ്രകാരമുള്ള വിഹിതം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊജക്ടിൽ വകയിരുത്തേണ്ടതാണ്. 23.01.2017 ലെ സ.ഉ. 07/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം ഫെബ്രുവരി ആദ്യ വാരം പദ്ധതി പ്രവർത്തനം വിശകലനം ചെയ്യേണ്ടതും തൻവർഷം വിനിയോഗം ചെയ്യാൻ കഴിയാത്ത തുക അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകേണ്ടതുമാണ്. താഴെ പറയുന്ന പദ്ധതികളിൽ മേൽ പരാമർശിച്ച നടപടികളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 66/2018, അംഗനവാടികൾക്ക് കെട്ടിട നിർമ്മാണം. (ബ്ലോക്ക് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി.ഷാനില.എസ്.പി.,<br>സി.ഡി.പി.ഒ, |
| അടങ്കൽ | 800000 (വികസന ഫണ്ട് ) |
| ചെലവ് | 300000 ( വികസന ഫണ്ട്)<br>ബിൽ നം - 03/2018,<br>തീയതി. 15.02.2018 |

ചെങ്ങോട്ട് കാവ് ഗ്രാമപഞ്ചായത്തിലെ കാവലാട് അംഗനവാടി കെട്ടിട നിർമ്മാണത്തിന് 15.02.2018 തിയ്യതിയിൽ 300000 രൂപ ബ്ലോക്ക് വിഹിതമായി കൈമാറിയിട്ടുണ്ട്. തുക കൈമാറുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. തുക യഥാസമയം കൈമാറുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തിയില്ല

ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്റ്റിൽ ബ്ലോക്ക് വിഹിതമായി 4,00,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്റ്റിൽ 3,00,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. മൂടാടി ഗ്രാമപഞ്ചായത്തിന് പദ്ധതി പ്രകാരം വകയിരുത്തിയ 5,00,000 രൂപ സ്ഥാപനം തൻവർഷം പദ്ധതി നിർവ്വഹണം നടത്താത്തതിനാൽ കൈമാറുന്നതിനോ ചെലവഴിക്കുന്നതിനോ സാധിച്ചില്ല. ഇത് ജി.ഒ (എം.എസ്) 72/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 6.5 ൽ പരാമർശിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ചില്ലെന്നതിന്റെ തെളിവാണ്. കരാർ ചമക്കുന്നതിലും, സംയുക്ത വിഹിതം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിലും ഉണ്ടായ വീഴ്ച യഥാർത്ഥ ആവശ്യകത തിട്ടപ്പെടുത്തി തുക വകയിരുത്തുന്നതിന് വിഘാതമായി. മൂടാടി ഗ്രാമപഞ്ചായത്തിന് തുക ആവിശ്യമില്ലാതിരുന്ന ഘട്ടത്തിലും ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന് ആവശ്യമായ തുക കൈമാറുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 16/2018, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (ബ്ലോക്ക് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി.ഷാനില.എസ്.പി.,<br>സി.ഡി.പി.ഒ, |
| അടങ്കൽ | 3151100 (വികസന ഫണ്ട് ) |
| ചെലവ് | 1000000 ( വികസന ഫണ്ട്)<br>ബിൽ നം- 01/2018, തീയതി. 27.10.2017<br>ബിൽ നം- 02/2018, തീയതി. 15.02.2018 |

അത്തോളി ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്റ്റിൽ ബ്ലോക്ക് വിഹിതമായി 1,96,175 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്ത് 1,50,000 രൂപ മാത്രമാണ് വകയിരുത്തി അനുവദിച്ചിട്ടുള്ളത്. അതേ സമയം മൂടാടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2,50,000 രൂപയിൽ 1,00,000 രൂപ മാത്രമെ ചെലവഴിച്ചതായി കാണുന്നുള്ളൂ.ജി.ഒ. (എം.എസ്) 72/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 6.5 ൽ പരാമർശിക്കുന്ന നടപടി ക്രമങ്ങൾ, 23.01.2017 ലെ സ.ഉ. 07/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിക്കപ്പെട്ടില്ല.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ചും നടപടിക്രമങ്ങളും സർക്കാർ ഉത്തരവുകളും പാലിച്ച് സംയുക്ത പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-7 വ്യവസായ വികസന ഓഫീസറുടെ - 2 വർഷത്തെ പദ്ധതി നിർവ്വഹണ ചെലവ് 25000 രൂപ.

വ്യവസായ വികസന ഓഫീസർ 2017-18 വർഷത്തിൽ ഒരു പദ്ധതിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 17/2018, പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം (മൺപാത്ര നിർമ്മാണം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി. ബിന്ദു. പി.,<br>വ്യവസായ വികസന ഓഫീസർ |

| | |
|---|---|
| | |
| അടങ്കൽ | 25000 (വികസന ഫണ്ട് ) |
| ചെലവ് | 25000 (വികസന ഫണ്ട്)<br>ബിൽ നം- 01/2018, തീയതി. 27.10.2017 |

03.04.2017 തീയതിയിലെ സ.ഉ. (എം.എസ്) നം.80/2017/ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖ പ്രകാരം മേൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ഗ്രാമ, നഗര ഭരണസ്ഥാപനങ്ങൾക്ക് മാത്രമാണ് അനുമതിയുള്ളത്. ഒരു ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തി ആരംഭിച്ച മേൽ പ്രൊജക്ട് ഗുണഭോക്താക്കളെ ലഭ്യമല്ലെന്ന കാരണത്താൽ 26.12.2017 ലെ ഭരണസമിതിയുടെ 74(1)/17-18 നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്ത് അടങ്കൽ തുക 25000 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. 26.12.2017 ലെ ഭരണസമിതിയുടെ 74(2)/17-18 നമ്പർ തീരുമാന പ്രകാരം 11/2017-18 നമ്പറായുള്ള പരമ്പരാഗത കൈതൊഴിലുകളുടെ പ്രോത്സാഹനം എന്ന പദ്ധതിയും ഇതേ കാരണത്താൽ ഉപേക്ഷിച്ചിട്ടുണ്ട്. ഗുണഭോക്താക്കളെ ലഭ്യമല്ലാത്തതിനാൽ പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാത്തത് പദ്ധതിയുടെ അനിവാര്യതയെ ചോദ്യം ചെയ്യുന്നുണ്ട്. ആയത് പദ്ധതി ആസൂത്രണത്തിലും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വർക്കിംഗ് ഗ്രൂപ്പിന് വീഴ്ചയുണ്ടായി എന്നതിന്റെ സൂചനയാണ്. 2016-17 വർഷത്തിൽ വ്യവസായ വികസന ഓഫീസർ പദ്ധതികളൊന്നും നിർവ്വഹണം നടത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലുൾപ്പെടുന്ന ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ 2 വർഷ കാലയളവിൽ 25000 രൂപയുടെ വികസന പ്രവർത്തനം മാത്രമെ നിർവ്വഹിക്കപ്പെട്ടിട്ടുള്ളൂ എന്നത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്നതിന്റെ സൂചനയാണ്. ചെറുകിട വ്യവസായ മേഖലയിൽ ഫലപ്രദവും അനിവാര്യവുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന് ആധാരമാക്കിയ അനുമതി വിവരവും ലഭ്യമാക്കേണ്ടതാണ്.

## 3-8 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് 4 പദ്ധതികളാണ് 2017-18 വർഷത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. 29.03.2017 തിയ്യതിയിലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗനിർദേശങ്ങളിൽ ഖണ്ഡിക 11.4 വിഭവങ്ങളുടെ മേഖലാ വിഭജനം നിശ്ചയിക്കൽ എന്ന ഭാഗത്ത് വനിതാ ഘടക പദ്ധതി,പട്ടികജാതി ഉപപദ്ധതി എന്നിവക്ക് തുക വകയിരുത്തുന്നതിന് നിബന്ധന ചെയ്തിട്ടുണ്ട്. അതത് മേഖലയിലെ വികസനം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടിയാണ് നിർബന്ധിത വകയിരുത്തലുകൾ നിബന്ധന ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഒരു പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ വേർതിരിച്ച് വനിതകൾക്കായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പേരിൽ പദ്ധതി രൂപീകരിച്ച് വനിതാ ഘടക പദ്ധതിയിലെ നിർബന്ധിത വകയിരുത്തലിനെ മറികടക്കുകയാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തിട്ടുള്ളത്.

കരട് പദ്ധതിരേഖ പ്രകാരം ക്ഷീരവികസന മേഖലയിൽ 2 പദ്ധതികളാണ് ഉൾപ്പെട്ടിരിക്കുന്നത്.ഇത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ആസൂത്രണ ഘട്ടത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ലെന്നതിന്റെ സൂചനയാണ്.

പ്രൊജക്റ്റുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി.ഹിത.എസ്.<br>ക്ഷീര വികസന ഓഫീസർ |

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 10/2017-18, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.(വനിത)<br>അടങ്കൽ :1250000 (വികസന ഫണ്ട് )<br>ചെലവ് :1200000 ( വികസന ഫണ്ട്)<br>ബിൽ നം- 02/2018, തീയതി. 29.11.2017 |
| പ്രൊജക്ട് നം/ പേര് | 14/2018, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.(എസ്.സി)<br>അടങ്കൽ :225000<br>(200000-എസ്.സി.പി., 25000- ഗ്രാ.പ വിഹിതം)<br>ചെലവ് :200000 ( എസ്.സി.പി.)<br>ബിൽ നം- 03/2018, തീയതി. 29.11.2017 |
| പ്രൊജക്ട് നം/ പേര് | 63/2018, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.(ജനറൽ)<br>അടങ്കൽ :2946000<br>(1226000-വികസന ഫണ്ട് ,1470000- ഗ്രാ.പ വിഹിതം, 250000-ജി.പ വിഹിതം)<br>ചെലവ് :1226000 ( വികസന ഫണ്ട്)<br>ബിൽ നം- 01/2018, തീയതി. 26.08.2018 |
| പ്രൊജക്ട് നം/ പേര് | 86/2018, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.(ജനറൽ)<br>അടങ്കൽ :1305916 (1255916-വികസന ഫണ്ട് ,50000- ഗ്രാ.പ വിഹിതം)<br>ചെലവ് :1254264 ( വികസന ഫണ്ട്)<br>ബിൽ നം- 04/2018, തീയതി. 29.12.2017( 1000000)<br>ബിൽ നം- 05/2018, തീയതി. 27.03.2018(254264) |

പദ്ധതിയിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരേ ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് 4 പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.ഉദാ:സരസ, ചെങ്ങോട്ടുകാവ് എന്ന ഗുണഭോക്താവിന് വ്യത്യസ്ത മാസങ്ങളിലായി പ്രൊജക്ട് നം-10/2017-18, 63/2017-18, 86/2017-18 എന്നീ പ്രൊജക്ടുകളിലൂടെ സബ്സിഡി നൽകിയതായി കാണുന്നു.

2. ജി.ഒ (എം.എസ്) 72/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക 6.5 സംയുക്ത പ്രൊജക്ടുകളിന്മേൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പരാമർശിക്കുന്നുണ്ട്. സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതും, വിഭവ സ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്. സംയുക്ത യോഗത്തിൽ നിശ്ചയിച്ച പ്രകാരമുള്ള വിഹിതം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രൊജക്ടിൽ വകയിരുത്തേണ്ടതാണ്. എന്നാൽ ഇത്തരം നടപടികളൊന്നും പാലിക്കാതെയാണ് പ്രൊജക്ട് നം-10/2017-18, 14/2017-18, 86/2017-18 എന്നിവ പ്രകാരം ഗ്രാമ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത വിഹിതം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

പദ്ധതി രൂപീകരണ ഘട്ടത്തിൽ തന്നെ വിഭവ സ്രോതസ്സുകൾ ഉറപ്പ് വരുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്.ആയത് പാലിക്കപ്പെട്ടിട്ടില്ല.

3. 14/2018, [ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.(എസ്.സി)] നമ്പർ പ്രൊജക്ട് പ്രകാരം 29.11.2017 തീയതിയിൽ 02/2018 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 2,00,000 രൂപയിൽ 1,09,891 രൂപ ചെലവഴിക്കാതെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചതായി കാണുന്നു. ചെലവിന് ആനുപാതികമായല്ലാതെ തുക പിൻവലിച്ചതും 31.03.2018 ന് ശേഷവും തുക സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിച്ചതിനും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾക്ക് കൈമാറിയ തുകയുടെ പൂർണ്ണമായ വിനിയോഗ വിവരങ്ങൾ നാളിതുവരെയും നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ശേഖരിച്ചിട്ടില്ല. പദ്ധതി പ്രകാരം പിൻവലിച്ച തുക ക്ഷീര സഹകരണ സംഘങ്ങൾ ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ശേഖരിച്ച് വിനിയോഗ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മോണിറ്ററിംഗ് ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് കാര്യമായ ഇടപെടലുകൾ നടത്തിയതായോ ചുമതലാപരമായ പങ്ക് നിർവ്വഹിക്കുകയോ ചെയ്യാത്തതാണ് മേൽ അപാകതക്ക് കാരണമായത്. പദ്ധതി പ്രകാരം ചെലവഴിച്ച തുക ശരിയായ വിധത്തിൽ ചെലവഴിക്കപ്പെട്ടിട്ടുണ്ടോ എന്ന വസ്തുത പരിശോധിക്കപ്പെട്ടിട്ടില്ല.

5. 01.11.2017 ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരവും 31.03.2018 ലെ ജി.ഒ (എം.എസ്) 932/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരവും ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രൊജക്ട് നം- 63/2017-18 ഒഴികെയുള്ളവ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്നതിന് അനുമതി ലഭിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകൾ 63/2018 നമ്പർ പ്രൊജക്ടിന് വേണ്ടി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക തന്നെയാണ് മറ്റ് പദ്ധതികൾക്കും ഉപയോഗിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ ഇതേ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 23,68,440 രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. 2017-18 ൽ 38,80,264 രൂപ ചെലവഴിച്ചിട്ടുണ്ട്. 15,11,824 രൂപയുടെ വർദ്ധനവാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ നേരിട്ട് നിർവ്വഹണം നടത്തിയതിലൂടെ ഉണ്ടായിട്ടുള്ളത്. ഗ്രാമ-ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാക്കാതെ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തുക ചെലവഴിച്ചതിന്റെ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 38,80,264 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ബില്ലുകൾ (പകർപ്പ് ), ട്രഷറി ബിൽ ബുക്ക്, പ്രൊജക്ട് രജിസ്റ്റർ, എന്നിവ മാത്രമെ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/ പേര് | നിർവ്വഹണ | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഉദ്യോഗസ്ഥൻ | | | |
| 34/2017-18, മഴമറ നിർമ്മാണം | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 804000 (180000-വികസന ഫണ്ട് ,180000- ഗ്രാ.പ വിഹിതം, 444000 – ഗുണഭോക്തൃ വിഹിതം) | 180000 (വികസന ഫണ്ട്)<br>ബിൽ നം- 05/2018, തീയതി. 12.12.2017 | 12.12.2017 തീയതിയിലെ 05 നമ്പർ ബിൽ പ്രകാരം 180000 രൂപ പിൻവലിച്ച് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും വിനിയേഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഗുണഭോക്തൃ പട്ടികയും ലഭ്യമാക്കിയിട്ടില്ല. |
| 43/2017-18, നെൽകൃഷിക്ക് കൂലിചെലവ് | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 1836000 (459000-വികസന ഫണ്ട് ,918000- ഗ്രാ.പ വിഹിതം, 459000 – ജി.പ വിഹിതം) | 459000 (വികസന ഫണ്ട്)<br>ബിൽ നം- 04/2018, തീയതി. 12.12.2017 | പദ്ധതി പ്രകാരം കൃഷി ചെയ്ത ഭൂമിയുടെ വിവരങ്ങൾ , വിനിയോഗ സാക്ഷ്യപത്രം, ഗുണഭോക്തൃ പട്ടിക എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 44/2017-18, പച്ചകറികൃഷിക്ക് കൂലിചെലവ് | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 102000 (57000-വികസന ഫണ്ട്, 51000- ഗ്രാ.പ. വിഹിതം, ) | 51000 ( വികസന ഫണ്ട്)<br>ബിൽ നം- 06/2018, തീയതി 17.03.2018 | ഗുണഭോക്തൃ പട്ടിക, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 48/2017-18, പാടശേഖരങ്ങൾക്ക് യന്ത്രങ്ങൾ നൽകൽ | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 450000 (387630-വികസന ഫണ്ട് ,62370- ഗുണഭോക്തൃ വിഹിതം) | 450000 (വികസന ഫണ്ട്)<br>ബിൽ നം- 08/2018, തീയതി. 17.03.2018-387630 (വി.ഫ<br>62370 (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്) ഗുണഭോക്തൃ വിഹിതം | ഗുണഭോക്തൃ സമിതികളെ തെരഞ്ഞെടുത്തതിന്റെയോ യന്ത്രങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ,ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.പദ്ധതി പ്രകാരം 474600 രൂപയുടെ ഉപകരണങ്ങൾ വാങ്ങിക്കുകയും റെയ്ഡ്കോക്ക് പ്രസ്തുത തുക അനുവദിച്ചതായും കാണുന്നു. പദ്ധതി അടങ്കലിൽ അധികരിച്ച 24600 രൂപയുടെ ചെലവ് 90/17-18, പച്ചകറി വികസനം-വനിതാ ഗ്രൂപ്പുകൾക്ക് എന്ന പദ്ധതിക്ക് വേണ്ടി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ഉപയോഗിച്ചാണ്. |
| 61/2017-18, മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള പഠനോപകരണം | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 200000 (വികസന ഫണ്ട് ) | 197579 (വികസന ഫണ്ട്),ബിൽ നം- 07/2018, തീയതി. 17.03.2018 | ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടിക ലഭ്യമാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 90/2017-18, പച്ചക്കറി വികസനം - വനിതാ ഗ്രൂപ്പുകൾക്ക് | ശ്രീ. ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. | 1743750 (1550000-വികസന ഫണ്ട് ,193750- ഗുണഭോക്തൃ വിഹിതം ) | 954760<br>ബിൽ നം- 09/2018, തീയതി. 23.03.2017 (808000-വി.ഫ)<br>146760 (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്) ഗുണഭോക്തൃ വിഹിതം | |

പച്ചക്കറി വികസനം- വനിതാ ഗ്രൂപ്പുകൾക്ക് എന്ന പദ്ധതി കരട് / അന്തിമ പദ്ധതി രേഖകളിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതി ഗ്രാമസഭാ നിർദ്ദേശമായും ഉയർന്ന് വന്നിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിൽ ഉയർന്ന് വന്ന തെങ്ങുകൃഷി വികസനം, അഗ്രോ സർവ്വീസ് സെന്ററിന് കാർഷിക യന്ത്രങ്ങൾ നൽകൽ എന്നീ പദ്ധതി നിർദ്ദേശങ്ങൾ പരിഗണിക്കാതെയാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വനിതാ ഗ്രൂപ്പുകൾക്ക് പച്ചക്കറി വികസനം എന്ന പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 09.01.2017 തിയതിയിലെ ജി.ഒ (എം.എസ്).നം-10/2017 /ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള വികസനരേഖ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, 29.03.2017 ലെ ജി.ഒ (എം.എസ്).നം-72/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ എന്നിവയിലെ നടപടി ക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്ന വികസന കാഴ്ചപ്പാടാണ് ജനകീയാസൂത്രണത്തിന്റെ അന്തസത്ത. ആയതിന് വിരുദ്ധമായാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നത്.

വർക്കിംഗ് ഗ്രൂപ്പ് മിനട്സ്, ഗുണഭോക്തൃ പട്ടിക, ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങിയ ഉപകരണങ്ങളുടെ ആകെ ബിൽ തുക 9,30,160 രൂപ മാത്രമാണ്. മേൽ സാഹചര്യത്തിൽ ബിൽ തുകയിൽ അധികരിച്ച 24,600 രൂപ യുടെ ചെലവ് വിശദീകരിക്കേണ്ടതാണ്.

ചെലവ് രേഖകളുടെ അഭാവത്തിൽ 22,92,339 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

**എ. സ്പിൽ ഓവർ പദ്ധതി ചെലവ്- 6.3 ശതമാനം മാത്രം**

29.03.2017 ലെ ജി.ഒ.(എം.എസ്).നം-72/2017/ത.സ്വ.ഭ.വ നമ്പർ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്. 17.11.2015 ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(പി) നം.524/2015/ധന നമ്പർ ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപയും അതിന് മുകളിലും എസ്റ്റിമേറ്റ് തുക വരുന്ന മുഴുവൻ പ്രവൃത്തികളും ഈ ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2017-18 വർഷത്തിൽ നിർവ്വഹണം നടത്തിയ ഓഫീസ് കമ്പ്യൂട്ടർ വത്കരണം പദ്ധതിയിൽ മേൽ നിബന്ധനകളൊന്നും പാലിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 85/2018, ഓഫീസ് കമ്പ്യൂട്ടർ വത്കരണം(സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.എ.ടി.മനോജ്കുമാർ<br>സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 657200 (തനത് ഫണ്ട് ) |
| ചെലവ് | 41800<br>വൗച്ചർ നം-21700760, തിയ്യതി.28.03.2018<br>ചെക്ക് നം- 3845207, തി.28.03.2018 |

പദ്ധതി പ്രകാരം ഒരു ക്ലയന്റ് കമ്പ്യൂട്ടറിനായി ക്വട്ടേഷൻ ക്ഷണിച്ച് 41,800 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. (ലോക്കൽ സാംഖ്യ മുഖേന രേഖപ്പെടുത്തിയിട്ടുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.) 5 ലക്ഷത്തിൽ കൂടുതൽ അടങ്കൽ തുകയുള്ള പദ്ധതി ഇ-ടെണ്ടർ ക്ഷണിക്കാതെയും ഭാഗികമായുമാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. പദ്ധതി പ്രകാരം സെർവ്വർ കമ്പ്യൂട്ടർ, 2 ക്ലയന്റ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ് ശുപാർശ ചെയ്ത പ്രകാരം മീഡിയം ലെവൽ സെർവ്വർ കമ്പ്യൂട്ടർ വാങ്ങുന്നതിനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം 6,30,000 രൂപയാണ് സെർവ്വർ കമ്പ്യൂട്ടറിന് മാത്രമായി ക്വോട്ട് ചെയ്തിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ അടങ്കൽ തുകയിൽ അധികരിച്ച തുക ക്വോട്ട് ചെയ്തതിനാൽ ടെണ്ടർ നിരസിക്കുകയായിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ ലോക്കൽ സാംഖ്യ, സചിത്ര എന്നീ സെർവ്വർ അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ മാത്രമെ ഉപയോഗിക്കുന്നുള്ളു. പ്രസ്തുത സോഫ്റ്റ്‌വെയറുകളും സമീപഭാവിയിൽ ഓൺലൈൻ സോഫ്റ്റ്‌വെയറായി മാറാനാണ് സാധ്യത. മേൽ സാഹചര്യത്തിൽ ഉയർന്ന സ്പെസിഫിക്കേഷനുള്ള മീഡിയം ലെവൽ സെർവ്വറിന് വേണ്ടി വൻ തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ആവശ്യകത തിട്ടപ്പെടുത്തുന്നതിലും വാങ്ങൽ രീതി നിശ്ചയിക്കുന്നതിലും പ്രൊക്യുർമെന്റ് കമ്മിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്.

പ്രൊ.നം-7/2018 – ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന പദ്ധതി യഥാർത്ഥത്തിൽ ഓഫീസ് കമ്പ്യൂട്ടർ വത്കരണം എന്ന പദ്ധതിയുടെ അനുബന്ധ പ്രൊജക്ടാണ്. ഭൗതിക സൗകര്യമൊരുക്കിയാൽ മാത്രമെ ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടിയുള്ള തുടർ പ്രവർത്തനങ്ങൾ സാധ്യമാവുകയുള്ളൂ എന്ന വസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പും പരിഗണിച്ചില്ല. പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 300000 (വി.ഫണ്ട്) രൂപ വകയിരുത്തിയെങ്കിലും ചെലവൊന്നുമുണ്ടായിട്ടില്ല.

പദ്ധതി നടത്തിപ്പിൽ പൊതുഭരണം, അക്കൗണ്ട്സ് എന്നിവയുടെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലാപരമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. പദ്ധതി പ്രകാരമുള്ള ഭാഗികമായ പർച്ചേസ് (ഒരു ക്ലയന്റ് കമ്പ്യൂട്ടർ ) ചെലവ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുമുണ്ട്. 2016-17 ൽ ആരംഭിച്ച പദ്ധതി 2017-18 ലും പൂർത്തീകരിച്ചിട്ടില്ല. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി , വർക്കിംഗ് ഗ്രൂപ്പ് എന്നിവ ചുമതലാപരമായ ഇടപെടലുകൾ നടത്തിയതായി കാണുന്നില്ല. മോണിറ്ററിംഗ് ചുമതലയുണ്ടായിരുന്ന വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിച്ചിട്ടില്ല.

പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന ഘട്ടം മുതൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതും പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നു എന്നത് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിന് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കേണ്ടതുമാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ബി. കലാകായിക മേളകൾ - ചെലവ് അടങ്കൽ തുകയിൽ അധികരിച്ചു.

പ്രൊ നം- 2/2017-18- കലാകായിക മേളകൾ പദ്ധതി പ്രകാരം അടങ്കൽ ചെയ്തത് 140000 രൂപയാണ്. പദ്ധതി റിവൈസ് ചെയ്യാതെ 145000 രൂപ ചെലവഴിച്ചു. വ്യക്തമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 02/2018, കലാകായിക മേളകൾ 2017-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.എ.ടി.മനോജ്കുമാർ<br>സെക്രട്ടറി |
| അടങ്കൽ | 140000 (110000-വികസന ഫണ്ട്, 30000-കേന്ദ്ര ഫണ്ട് ) |
| ചെലവ് | 145000 (110000 ബിൽ നം- 29/17-18, തിയ്യതി 06.03.2018-വി.ഫ<br>30000-വൗച്ചർ നം-21800115, തിയ്യതി.13.06.2018 -കേന്ദ്ര.ഫ) |

വൗച്ചർ നം-21700432, തിയ്യതി.30.10.2017 പ്രകാരം പൊതു ആവശ്യ ഗ്രാന്റിൽ നിന്നും സെക്രട്ടറി 75000 രൂപ മുൻകൂർ എടുത്തിട്ടുണ്ട് (തുക ജി.ഇ.ഒ ക്ക് കൈമാറി ). പിന്നീട് 06.03.2018 ലെ 29/17-18 നമ്പർ ബില്ല് മുഖേന വികസന ഫണ്ടിൽ നിന്നും 110000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ നിന്നും 70000 രൂപ മാത്രമെ പൊതു ആവശ്യ ഗ്രാന്റിലേക്ക് ക്രമീകരിച്ചിട്ടുള്ളു. ബാക്കി 40000 രൂപ ജി.ഇ.ഒ ക്ക് നൽകി . വൗച്ചർ നം-21800115, തിയ്യതി.13.06.2018 പ്രകാരം 30000 രൂപ ജി.ഇ.ഒ ക്ക് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പദ്ധതിക്കായി 145000 രൂപ ജി.ഇ.ഒ ക്ക് നൽകിയിട്ടുണ്ട്. (75000- മുൻകൂർ, 40000- ബിൽ നം.29/17-18, 30000 - വൗച്ചർ നമ്പർ 21800115).

ചെലവ് ബില്ലുകൾ അംഗീകരിച്ച് നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെലവ് അടങ്കൽ തുകയിൽ അധികരിച്ചത് പരിശോധിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന മുൻകൂറുകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി പരിപാലിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പിലെ വീഴ്ച ശ്രദ്ധിക്കാത്തത് അപാകതക്ക് കാരണമായി.

നിർവ്വഹണ ഉദ്യോഗസ്ഥന് അധികം നൽകിയ 5000 രൂപ തിരികെ ഈടാക്കി പൊതു ആവശ്യ ഗ്രാന്റിലേക്ക് ക്രമീകരിക്കേണ്ടതാണ്.

സി. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല.

താഴെ പറയുന്ന പദ്ധതികൾ പ്രകാരമുള്ള ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| പ്രൊ.നം/ പേര് | ചെലവ് തുക |
|---|---|
| 95/2018, സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 1000000 |
| 3/18, ഐ.കെ.എം ന് അടക്കേണ്ട വിഹിതം | 31900 |

| | |
|---|---|
| 52/18, ലൈഫ് മിഷൻ -ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം. | 3961098 |
| 65/18, എുകുടിക്കൽ ബീച്ച് -വൈദ്യുത ലൈൻ നീട്ടൽ (കെ.എസ്.ഇ.ബി) | 148830 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2017-18 | 10963600 | ഐ.എ.വൈ | ഇല്ല | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഏഴുകുടിക്കൽ ബീച്ച് വൈദ്യുത ലൈൻ നീട്ടൽ | 14/17-18 | 148830 | - | 148830 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 930808 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ത്രിക്കോട്ടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | പകൽ വീട് -ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | 19/13-03-18 | 174817 | - | 174817 |
| 2 | ത്രിക്കോട്ടൂർ ലേബർ | തുവക്കാട് ചെത്തിൽതാഴെ | 20/13-03-18 | 116041 | - | 116041 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺട്രാക്ട് സഹകരണ സംഘം | കുടിവെള്ളപദ്ധതി | | | | |
| 4 | ത്രിക്കോട്ടൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | സി.എച്ച്.സി.തിരുവങ്ങൂർ മെയിന്റനൻസ്&സ്റ്റോർ കം ഹാൾ പ്രവൃത്തി | 23/13-03-18 | 545283 | - | 545283 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം3 പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി-സർവീസ് സഹകരണ ബാങ്ക് മൂടാടി | സ.ഉ(കൈ)115 2013 എൽ.എസ്.ജി.ഡി.തീ. 22-03-13 | 2018406 | 363881 | 293517 | 70364 | ഇല്ല |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2003-04 | 3-2 | 2005-06 | 68.1 | കോടതി വിധിച്ചിട്ടും മുൻകൂർ ക്രമീകരിച്ചില്ല |
| 2003-04 | 3-1 | 2005-06 (പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |
| 2003-04 | 3-4 | 2005-06 (പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | | | | |
| 2003-04 | 3-6 | 2005-06<br>(പൊതുമരാമത്ത് ) | | അരിക്കുളം എൽ.പി – റോഡ് പ്രവൃത്തി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44808608 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45709090 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6172603 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 3880264 | ശ്രീമതി.ഹിത.എസ്.<br>ക്ഷീര വികസന ഓഫീസർ |
| 3-9 | 2292339 | ശ്രീ.ദിലീപ് കുമാർ<br>അസിസ്റ്റന്റ് ഡയറക്ടർ, കൃഷി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-10 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഹിത. എസ്.<br>അസിസ്റ്റന്റ് ഡയറക്ടർ | ക്ഷീര വികസന ഓഫീസർ<br>മേലടി ബ്ലോക്ക് | അവിനാഷ്<br>മലാപ്പറമ്പ് ഹൗസിംഗ് കോളനി,<br>കോഴിക്കോട് |
| ശ്രീ. ദിലീപ് കുമാർ<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി<br>അസിസ്റ്റന്റ് ഡയറക്ടർ<br>മിനി സിവിൽ സ്റ്റേഷൻ<br>കൊയിലാണ്ടി | മാരങ്ങോട്ട് വീട്<br>പകൽക്കുറി<br>പള്ളിക്കൽ<br>കിളിമാനൂർ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, വിവരം |
|---|---|---|
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി<br>പി7/1362/14 (6)<br>തീയതി 09.03.15 | 3 (3-1, 3-2 (CAR), 3-4,) |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി<br>പി7/1362/14 (7)<br>തീയതി 09.03.15 | 1 (3-1(3)) |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി<br>പി7/2217/16<br>തീയതി 03.06.2017 | 3 (3-12, 3-15, 3-17) |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി<br>പി7/1962/16<br>തീയതി 03.06.2017 | 3 (3-11, 3-14, 3-15) |

| | | |
|---|---|---|
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി പി7/1962/16 തീയതി 03.06.2017 | 3 (3-4, 3-5, 3-8) |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി പി7/3261/16 തീയതി 03.06.2017 | 3 (3-7, 3-8, 3-9) |
| 2010-11 & 11-12 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16 തീയതി 03.06.2017 | 2 (3-1, 3-8 (3)) |
| 2012-13 | നം.എൽ.എഫ്.കെ.കെ.ഡി. പി7/2261/16 തീയതി 03.06.2017 | 8 (3-1, 3-2, 3-3, 3-4, 3-9, 3-10, 3-12, 3-13) |
| | | |
| 2014-15, 2015-16 | കെ.എസ്.എ. കെ.കെ.ഡിപി7/418/17 തീയതി24.03.2017 | 32 (2-1, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25, 3-26, 3-27, 3-28) |
| 2016-17 | കെ.എസ്.എ. കെ.കെ.ഡിപി7/1424/17 തീയതി01/08/2017 | 8 (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8) |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പന്തലായനി ബ്ലോക്ക് ഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്